ഇൻഡ്യാ വിരുദ്ധ വിഷം
ചീറ്റുന്നതായി ആക്ഷേപം



# അരുന്ധതി റോയിക്കും സൈബർ പൊങ്കാല

ന്യൂഡൽഹി ലേഖകൻ

**സ്വാതന്ത്ര്യത്തിന് ശേഷം ഇൻഡ്യയിലെ സവർണ്ണ ഹിന്ദു സർക്കാരുകൾ സ്വന്തം ജനങ്ങൾക്കെതിരെ യുദ്ധം നടത്തി വരുന്നു എന്ന പരാമർശമാണ് വിവാദത്തിനിടയാക്കിയത്. ജമ്മുകാശ്മീരിലെയും പഞ്ചാബിലെയും ഗോവയിലെയും മറ്റും സൈനിക നടപടികളാണ് അരുന്ധതിയെ പ്രകോപിപ്പിച്ചത്. സ്വാതന്ത്ര്യത്തിന് ശേഷം ഇൻഡ്യ സ്വന്തം ജനങ്ങൾക്കെതിരെയാണ് യുദ്ധം ചെയ്തതെന്ന് എഴുത്തുകാരി അരുന്ധതീ റോയ് ആരോപിച്ചു.**

പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയിയുടെ മൂന്നാമത്തെ നോവലായ മദർമേരി പുറത്തിറങ്ങി ദിവസങ്ങൾക്കകം തന്നെ അവരുടെ പേരിൽ പ്രചരിച്ച ഒരു വീഡിയോ പ്രസംഗത്തിന്റെ പേരിൽ വൻ സൈബർ ആക്രമണം. മുൻ വിദേശകാര്യ സെക്രട്ടറിയും പ്രമുഖ എഴുത്തുകാരും ഉൾപ്പെടെയുള്ളവർ ഈ സൈബർ പോങ്കാലയിൽ പങ്കെടുക്കുന്നു. സ്വാതന്ത്ര്യത്തിന് ശേഷം ഇൻഡ്യയിലെ സവർണ്ണ ഹിന്ദു സർക്കാരുകൾ സ്വന്തം ജനങ്ങൾക്കെതിരെ യുദ്ധം നടത്തി വരുന്നു എന്ന പരാമർശമാണ് വിവാദത്തിനിടയാക്കിയത്. ജമ്മുകാശ്മീരിലെയും പഞ്ചാബിലെയും ഗോവയിലെയും മറ്റും സൈനിക നടപടികളാണ് അരുന്ധതിയെ പ്രകോപിപ്പിച്ചത്.

സ്വാതന്ത്ര്യത്തിന് ശേഷം ഇൻഡ്യ സ്വന്തം ജനങ്ങൾക്കെതിരെയാണ് യുദ്ധം ചെയ്തതെന്ന് എഴുത്തുകാരി അരുന്ധതീ റോയ് ആരോപിച്ചു. ജമ്മുകാശ്മീർ, മണിപ്പൂർ, നാഗലാന്റ്, മിസോറം, തെലുങ്കാന, പഞ്ചാബ്, ഗോവ, ഹൈദരാബാദ് എന്നിവിടങ്ങളിൽ കാലാകാലങ്ങ

പാകിസ്ഥാൻ സ്വന്തം ജനങ്ങൾക്കെതിരെ സൈനിക നടപടി എടുത്ത ചരിത്രമില്ലെന്ന അരുന്ധതി റോയിയുടെ അഭിപ്രായത്തെ അദ്ദേഹം ഖണ്ഡിച്ചു. ബലൂചിസ്ഥാനിലെ ജനങ്ങൾക്കെതിരെ പാക് പട്ടാളം പോരാടിയിട്ടുണ്ട്. 2014 ൽ വടക്കൻ ഖസിരിസ്ഥാനിൽ പാകിസ്ഥആൻ സൈന്യം ടാങ്കുകളും യുദ്ധവിമാനങ്ങളും ഉപയോഗിച്ചാണ് ആക്രമണം നടത്തിയത്. 2009 ൽ തെക്കൻ വസിരി സ്ഥാനും സൈനിക നടപടിയുണ്ടായി.

ളിൽ സർക്കാർ നടത്തിയ സൈനിക ഇടപെടലുകളെയാണ് അവർ യുദ്ധമായി വ്യാഖ്യാനിച്ചത്. ജനാധിപത്യ ഇൻഡ്യ ചെയ്തതു പോലെ ഒരിക്കലും പാകിസ്ഥാൻ സ്വന്തം സൈന്യത്തെ സ്വന്തം ജനങ്ങൾക്കെതിരെ നിയോഗിച്ചിട്ടില്ലെന്നും അരുന്ധതി റോയ് ചൂണ്ടിക്കാണിച്ചു. സവർണ്ണ ഹിന്ദു രാഷ്ട്രമാണ് ഭാരതമെന്നും അവർ എടുത്തു പറഞ്ഞു.

എഴുത്തുകാരനായ ആനന്ദ് രംഘ്യനാഥൻ അരുന്ധതിറോയിയുടെ പ്രസ്താവനയുടെ വീഡിയോ എക്സിൽ പങ്കുവച്ചു. അരുന്ധതിറോയിയെ സംബന്ധിച്ചിടത്തോളം 1961 ൽ ഇൻഡ്യ ഗോവയെ മോചിപ്പിച്ചത് ഒരു സവർണ്ണ രാഷ്ട്രം ക്രിസ്ത്യാനികൾക്കെതിരായി നടത്തിയ യുദ്ധമാണ്.

മുൻ വിദേശകാര്യ സെക്രട്ടറിയും ഇപ്പോൾ ജെ. എൻ.യു. ചാൻസലറുമായാ കാൻവാൾ സിബലും റോയിയുടെ പ്രസ്താവയെ ശക്തിയായി അപലപിച്ചു. സ്വന്തം രാജ്യത്തിന് എതിരെ അവർവിഷം ചീറ്റുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ഇൻഡ്യയ്ക്ക് എതിരായ ഭീകരാക്രമണങ്ങളെ അവർ പിന്തുണയ്ക്കുകയാണെന്നും വസ്തുതകൾ മൂടിവച്ചുകൊണ്ടുള്ള ഒരു വർഗ്ഗീയ അജണ്ട അവർക്കുണ്ടെന്നും കാൻവാൾ സിബൽ പറഞ്ഞു.



പാകിസ്ഥാൻ സ്വന്തം ജനങ്ങൾക്കെതിരെ സൈനിക നടപടി എടുത്ത ചരിത്രമില്ലെന്ന അരുന്ധതീ റോയിയുടെ അഭിപ്രായത്തെ അദ്ദേഹം ഖണ്ഡിച്ചു. ബലൂചിസ്ഥാനിലെ ജനങ്ങൾക്കെതിരെ പാക് പട്ടാളം പോരാടിയിട്ടുണ്ട്. 2014 ൽ വടക്കൻ ഖസിരിസ്ഥാനിൽ പാകിസ്ഥാൻ സൈന്യം ടാങ്കുകളും യുദ്ധവിമാനങ്ങളും ഉപയോഗിച്ചാണ് ആക്രമണം നടത്തിയത്. 2009 ൽ തെക്കൻ വസിരിസ്ഥാനിലും സൈനിക നടപടിയുണ്ടായി. 2006 ൽ ജനറൽ മുഷറഫ്, ബലൂചിസ്ഥാനിൽ കടുത്ത സൈനിക നടപടിയാണ് കൈക്കൊണ്ടത്. ബലൂചിസ്ഥാനിൽ ഇപ്പോഴും പാക് സൈന്യം നരവേട്ട തുടരുകയാണെന്നും സിബൽ പറഞ്ഞു.

അരുന്ധതി റോയിയുടെ പരാമർശങ്ങൾ സാമൂഹ്യ മാധ്യമത്തിൽ ഒരു കൊടുങ്കാറ്റായി മാറിക്കഴിഞ്ഞു. അവർ ചരിത്രത്തെ വളച്ചൊടിക്കുകയാണെന്നും ഇൻഡ്യയുടെ ജനാധിപത്യ പാരമ്പര്യത്തെ താറടിക്കുകയാണെന്നും ആക്ഷേപങ്ങൾ ഉയർന്നു. അവരുടെ പൗരത്വം റദ്ദാക്കണമെന്ന ആവശ്യം വരെ ചിലർ ഉന്നയിച്ചുകഴിഞ്ഞു. ഇൻഡ്യാ വിരുദ്ധ പ്രചരണത്തിന്റെ ചുക്കാൻ ഇപ്പോൾ അരുന്ധതിയുടെ കൈയിലാണെന്നും ആരോപിക്കുന്നവരുണ്ട്.

ഒരു ബുക്കർ സമ്മാനം നേടിയതിന്റെ പേരിൽ അരുന്ധതി റോയി കപട ബുദ്ധിജീവി ചമയുകയാണെന്ന് സാമൂഹ്യ മാധ്യമത്തിൽ പൊങ്കാലയിട്ടവർ ആക്ഷേപിക്കുന്നു. ഇടതുപക്ഷ മാധ്യമങ്ങളുടെ വക്താവാണ് അവരെന്നും ആരോപണമുണ്ട്.

ചെറിയ കാര്യങ്ങളുടെ ദൈവം എന്ന ആദ്യ നോലിലാണ് അവർക്ക് ബുക്കർ സമ്മാനം ലഭിച്ചത്. സ്വന്തം അമ്മയെക്കുറിച്ചെഴുതിയ മദർമേരി എനിക്കൊപ്പം ആണ് ഏറ്റവും അവസാനത്തെ നോവൽ. തന്നെ ഒരു സ്ത്രീയായും എഴുത്തുകാരിയായും വാർത്തെടുക്കുന്നതിൽ അമ്മവഹിച്ച പങ്കാണ് നോവലിലെ ഇതിവൃത്തം. ലോകവ്യാപകമായി നോവലിന് വൻ ഡിമാന്റുണ്ട്.

"അമ്മ എന്റെ അഭയവും എനിലേക്കടിച്ച കൊടുങ്കാറ്റുമായിരുന്നു" അരുന്ധതി റോയി പറഞ്ഞു. അതിശക്തയായ ഒരു സ്ത്രീപക്ഷക്കാരിയും വിദ്യാസമ്പന്നയും ആയിരുന്നു അമ്മ മദർമേരി.

നോവലിസ്റ്റാകുന്നതിനുമുമ്പ് അഭിനേത്രിയും തിരക്കഥാകൃത്തും പ്രൊഡക്ഷൻ ഡിസൈനറുമായിരുന്നു അരുന്ധതി റോയി. 1997 ൽ ബുക്കർ സമ്മാനം നേടിയ ചെറിയകാര്യങ്ങളുടെ ദൈവം എന്ന നോവൽ ബാല്യകാല സ്മരണകളിൽ നിന്നും ഉടലെടുത്ത ഒരു കുടുംബ കഥയായിരുന്നു. ആ നോവൽ 36-ാം വയസ്സിൽ അവർക്ക് ഒരു സെലിബ്രിറ്റിയുടെ പരിവേഷം ചാർത്തിക്കൊടുത്തു. 60 ലക്ഷം കോപ്പികൾ വിറ്റഴിച്ച ആ നോവൽ അവരെ അതിസമ്പന്നയാക്കി. അതോടെ ജീവിക്കാനും സ്വന്തം ഇഷ്ടത്തിനനുസരിച്ച് എഴുതാനും അവർക്ക് സ്വാതന്ത്ര്യം ലഭിച്ചു. മേരി റോയി എന്നോടൊപ്പം എന്ന നോവൽ അസാധാരണമായ ഒരു ജീവിതത്തിന്റെ കഥയാണ് ആഖ്യാനം ചെയ്യുന്നത്. രണ്ടാമത്തെ നോവലായ ദി മിനിസ്ട്രി ഓഫ് അട്മോസ്റ്റ് ഹാപ്പിനസ്സ് 2017 ൽ പുറത്തിറക്കി. വിജ്ഞാന പ്രദങ്ങളായ ഇരുപതിലേറെ ഗ്രന്ഥങ്ങളും അവർ പുറത്തിറക്കിയിട്ടുണ്ട്.